**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5129** **02-11-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ വി.എഫ്.പി.സി.കെ. പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ നിലവിൽ വി.എഫ്.പി.സി.കെ. നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | വയനാട് ജില്ലയിൽ നിലവിൽ വി.എഫ്.പി.സി.കെ. നടത്തിവരുന്ന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു. 1) വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി ഉൽപാദനത്തിന് കർഷകരെ പ്രോത്സാഹിപ്പിക്കുക. 2) സാങ്കേതിക ജ്ഞാനവും പരിശീലനവും പകർന്നു നൽകി കർഷകരെ ശാക്തീകരിക്കുക, 3) ഉൽപാദനവും, ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക. 4) കാർഷികോപാധികൾ കർഷകർക്കു ലഭ്യമാക്കുക. 5) പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിപണികൾ ശക്തിപ്പെടുത്തി വരുമാന വർദ്ധനവ് സാധ്യമാക്കുക . 6) നാട്ടറിവുകളും ശാസ്ത്രീയരീതികളും സംയോജിപ്പിച്ച് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുന്നതിന് പങ്കാളിത്ത ഗവേഷണ പദ്ധതികൾ, മാതൃകാകൃഷിത്തോട്ടങ്ങൾ,തീവ്രയത്നപരിപാടികൾ തുടങ്ങിയവ നടപ്പിലാക്കുക. 7) കാർഷിക ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവഉൽപാദനോപാധികൾ എന്നിവ ലഭ്യമാക്കുക 8) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക കയറ്റുമതിയ്ക്കുതകുന്ന ഉത്തമ കൃഷി മുറ രീതികൾ പ്രോത്സാഹിപ്പിക്കുക 9) പങ്കാളിത്ത വായ്പാ പദ്ധതി വഴി സ്വാശ്രയ സംഘങ്ങളിലെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വായ്പ യഥാസമയം ലളിതവും സുതാര്യവുമായ വ്യവസ്ഥകളോടെ ബാങ്കുകൾ വഴി കർഷകർക്ക് ലഭ്യമാക്കുക. 10) കർഷകർക്ക് സാങ്കേതിക അറിവ് പകർന്നു നൽകുന്നതിനായി വിവിധങ്ങളായ പരിശീലന പരിപാടികൾ നടത്തുക. 11) വയനാട് ജില്ലയിൽ വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്കായി 16 സ്വാശ്രയ കർഷക സമിതികൾ വഴി കാർഷികമേഖലയിൽ വിപണി വിപുലീകരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | വിളസംഭരണം കാര്യക്ഷമമാക്കി അടിസ്ഥാന വില ഉറപ്പാക്കുന്നതിനും നടത്തുന്ന പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുക. 12) സ്വാശ്രയ കർഷക സമിതികൾ വഴി കർഷകന് അവരുടെ ഉൽപ്പന്നങ്ങൾ ഏറ്റവും ചെലവ് ചുരുക്കി മികച്ച വിലയ്ക്ക് വിപണനം നടത്തുവാൻ സഹായിക്കുക. 13) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കയറ്റുമതി മൂല്യമുള്ള ഉൽപന്നങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുക. 14) GAP/PGS മാനദണ്ഡങ്ങളനുസരിച്ചുള്ള പന്തൽ പച്ചക്കറി കൃഷിയ്ക്ക് 25,000/ഹെക്ടർ പന്തൽ ഇതര പച്ചക്കറി വിളകൾക്ക് 20,000/ ഹെക്ടർ, ശീതകാല പച്ചക്കറി കൃഷിയ്ക്ക് 30,000/ ഹെക്ടർ എന്ന തോതിൽ ധനസഹായം ലഭ്യമാക്കുക. 15) മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് മണ്ണ് പരിശോധന നടത്തി വള പ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുക. 16) കർഷകർക്ക് ആവശ്യമായ പമ്പ് സെറ്റ്, സ്പ്രേയർ, വീൽബാരോ മറ്റ് കൃഷിയ്ക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി സഹായം നൽകൽ. 17) പുതിയ സാങ്കേതിക വിദ്യകൾ, പുത്തൻ വിളകൾ, വിളയിനങ്ങൾ തുടങ്ങിയവ കർഷകരിലേയ്ക്കെത്തിക്കുന്നതിന് പങ്കാളിത്ത ഗവേഷണ പദ്ധതികൾ, പ്രദർശന തോട്ടങ്ങൾ, തീവ്രയത്ന പരിപാടികൾ, പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകൽ. 18) കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിന് കൃത്യതാ കൃഷിയ്ക്ക് പദ്ധതി സഹായം നൽകൽ. 19) ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽ നിന്നും വായ്പാ സഹായം ലഭ്യമാക്കുക. 20) വിപണി ഓഡിറ്റിങ്, കമ്പ്യൂട്ടറൈസേഷൻ, വില വിവര സെന്ററിന്റെ പ്രവർത്തനം, സെയിൽസ് പ്രമോഷൻ ഇൻസന്റീവ് എന്നിവയ്ക്കും മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി പദ്ധതി സഹായം നൽകൽ. 19) വയനാട് ജില്ലയിലെ മുട്ടിലിൽ ചക്ക സംഭരണ കേന്ദ്രം മുഖേന ചക്ക സംഭരണത്തിന് കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം നൽകുന്നതിനും ചക്കയുടെ മൂല്യവർദ്ധന പരിശീലനങ്ങൾ കർഷകർക്ക് നൽകി ചക്ക സംസ്കരണ/മൂല്യവർദ്ധന കേന്ദ്രം ആരംഭിക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതി സഹായം ലഭ്യമാക്കുന്നു. |
| (ബി) | പച്ചക്കറി ശേഖരിക്കുന്ന പദ്ധതി നിലവിൽ ഉണ്ടോ; | (ബി) | വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിക്കുന്ന 14 |

| | | | |
|---|---|---|---|
| | | | സ്വാശ്രയ കർഷക സമിതികളിൽ കേരള ബ്രാൻഡ് പഴം-പച്ചക്കറികൾക്ക് താങ്ങുവില (AIP) അഗ്രികൾച്ചറൽ ഇൻസന്റീവ് പ്രൈസ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രകാരം പഴം-പച്ചക്കറികൾ വയനാട് വി.എഫ്.പി.സി.കെ സംഭരിക്കുന്നുണ്ട്. 1. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,അമ്പലവയൽ 2. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,സുൽത്താൻബത്തേരി 3. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,ചീരാൽ 4. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,കണിയാംപറ്റ 5. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,മാനന്തവാടി 6. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,മുട്ടിൽ 7. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,പടിഞ്ഞാറേത്തറ 8. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,നീർവാരം 9. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,പൂത്താടി 10. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,തരിയോട് 11. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി, പേര്യാ 12. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി തൊണ്ടർനാട് 13. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,വെള്ളമുണ്ട 14. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,വേങ്ങാപ്പിള്ളി |
| (സി) | ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ശേഖരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിക്കുന്ന 14 സ്വാശ്രയ കർഷക സമിതികളിൽ കേരള ബ്രാൻഡ് പഴം-പച്ചക്കറികൾക്ക് താങ്ങുവില (AIP) അഗ്രികൾച്ചറൽ ഇൻസന്റീവ് പ്രൈസ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രകാരം പഴം-പച്ചക്കറികൾ വയനാട് വി.എഫ്.പി.സി.കെ സംഭരിക്കുന്നുണ്ട്. 1. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,അമ്പലവയൽ 2. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,സുൽത്താൻബത്തേരി 3. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,ചീരാൽ 4. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,കണിയാംപറ്റ 5. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,മാനന്തവാടി 6. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,മുട്ടിൽ 7. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,പടിഞ്ഞാറേത്തറ 8. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,നീർവാരം 9. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,പൂത്താടി 10. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,തരിയോട് 11. വി.എഫ്.പി.സി.കെ സ്വാശ്രയ |

| | | | |
|---|---|---|---|
| | | | കർഷക സമിതി, പേര്യാ 12. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി തൊണ്ടർനാട് 13. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,വെള്ളമുണ്ട 14. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതി ,വേങ്ങാപ്പള്ളി |

സെക്ഷൻ ഓഫീസർ